Phone: 0494-24000252
E-mail : reg@uoc.ac.in
Calicut University P.O
KERALA (INDIA)

# കാലിക്കറ്റ് സർവകലാശാല
# (ആസൂത്രണവികസനവിഭാഗം)

No. 121188/PLD-D-ASST-1/2020/Admn Dated: 05.10.2026

## ക്വട്ടേഷൻ നോട്ടീസ്

1.കാലിക്കറ്റ് യൂണിവേഴ്സിറ്റി ഗസ്റ്റ് ഹൗസ്, യൂണിവേഴ്സിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന ബെഡ്ഷീറ്റ്, തലയിണ കവർ, മേശവിരി മുതലായവ അലക്കി ഉണക്കി ഇസ്തിരി ചെയ്ത് നൽകുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

2. നിശ്ചിതഫോറം സർവകാലശാല ഭരണവിഭാഗത്തിലെ ആസൂത്രണവികസനവിഭാഗം ഓഫീസിൽ നിന്നും 155 രൂപ (നൂറ്റിയമ്പത്തിഅഞ്ച് രൂപ മാത്രം) നിരക്കിൽ 07.10.2026 മുതൽ 19.10.2026 വരെയുള്ള പ്രവർത്തിദിവസങ്ങളിൽ ലഭിക്കുന്നതാണ്. അപേക്ഷാഫീസ് ആയ 155 രൂപ യൂണിവേഴ്സിറ്റി ഫണ്ടിൽ അടച്ച് ആയതിന്റെ ചലാൻ രശീതി ഹാജരാക്കേണ്ടതാണ്.

3. ഓരോ ക്വട്ടേഷന്റെയും കൂടെ സർവകലാശാല രജിസ്ട്രാറുടെ പേരിൽ 3964/- രൂപ (മൂവായിരത്തി തൊള്ളായിരത്തി അറുപത്തിനാല് രൂപ മാത്രം) നിരതദ്രവ്യം അടച്ചതിനുള്ള ഡ്രാഫ്റ്റ് അടക്കം ചെയ്തിരിക്കണം. ഒട്ടിച്ച് സീൽ ചെയ്ത കവറിലുള്ള ക്വട്ടേഷൻ 19.10.2026 വൈകുന്നേരം 5 മണിക്ക് മുമ്പായി സർവകലാശാല ആസൂത്രണവികസനവിഭാഗത്തിൽ ലഭിക്കേണ്ടതാണ്. കവറിന് പുറത്ത് "കാലിക്കറ്റ് സർവകലാശാല ലോൺട്രി വർക്ക് ഏറ്റെടുക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് എഴുതേണ്ടതാണ്.

4. ഒട്ടിച്ച് സീൽ ചെയ്ത് ലഭിക്കുന്ന ക്വട്ടേഷനുകൾ 22.10.2026 തീയതി ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സന്നിഹിതരായ ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. അന്നേ ദിവസം അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിനത്തിൽ തുറക്കുന്നതാണ്.

## നിബന്ധനകൾ

1. അലക്കാനുള്ള ഇനങ്ങൾ രസീതി കൊടുത്ത് ഗസ്റ്റ് ഹൗസ് മാനേജരിൽ നിന്നും വാങ്ങേണ്ടതും ആവശ്യമായ രേഖയോടെ തിരിച്ച് ഏല്പിക്കേണ്ടതുമാണ്. തിരിച്ചേൽപ്പിക്കാത്ത ഇനത്തിന്റെ വില കരാറുകാരനിൽനിന്നും വസൂലാക്കുന്നതാണ്.

2. വെള്ളവസ്ത്രങ്ങൾക്ക് ശോഭ നൽകുന്ന നീലം, ഉജാല മുതലായവ ഉപയോഗിക്കേണ്ടതാണ്.

3. ആവശ്യമാണെങ്കിൽ വസ്ത്രങ്ങൾക്ക് ഈട് നൽകുന്ന പദാർത്ഥങ്ങളും ഉപയോഗിക്കേണ്ടതാണ്.

4. കരാറിന്റെ കാലാവധി രണ്ട് വർഷത്തേക്കായിരിക്കും.

5. ശുചിത്വകാര്യങ്ങളിൽ സമയാസമയങ്ങളിൽ യൂണിവേഴ്സിറ്റി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കരാറുകാരൻ പാലിക്കാൻ ബാധ്യസ്ഥനാണ്.

6. ജി എസ് ടി ഒഴിച്ചുള്ള തുകയാണ് അപേക്ഷകൻ ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

7. നിർദേശിച്ച നിരക്കുകൾക്ക് പുറമെ, ജി എസ് ടി ബാധകമാണെങ്കിൽ ബില്ലുകൾക്കൊപ്പം ജി എസ് ടി വ്യവസ്ഥകൾ പാലിക്കുന്ന ടാക്സ് ഇൻവോയ്സ്/ബിൽ കരാറുകാരൻ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജി എസ് ടി അടവാക്കാൻ സർവകലാശാല ബാധ്യസ്ഥമായിരിക്കില്ല.

8. തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി കരുതൽ ധനമായി (Security Deposit ) 10000/- രൂപ (പതിനായിരം രൂപ മാത്രം) മുൻകൂറായി അടക്കേണ്ടതും സർവകലാശാല നിശ്ചയിക്കുന്ന വ്യവസ്ഥകളടങ്ങിയ കരാറിൽ ഒപ്പ് വയ്ക്കേണ്ടതുമാണ്. കരാർ കാലാവധിയ്ക്കുള്ളിൽ സർവകലാശാലയ്ക്ക് എന്തെങ്കിലും നഷ്ടങ്ങൾ കോൺട്രാക്ടർ മുഖാന്തിരം ഉണ്ടായിട്ടുണ്ടെങ്കിൽ, ആയതു സെക്യൂരിറ്റി ഡെപോസിറ്റിൽ നിന്നും കണ്ടുകെട്ടുന്നതും നഷ്ടങ്ങളുടെ ആകെ തുക, സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഒടുക്കിയ തുകയിലും അധികമാണെങ്കിൽ, ആയതു സർവകലാശാല ഫണ്ടിലേക്ക് കോൺട്രാക്ടർ ഒടുക്കേണ്ടതുമാണ്.

9 ആവശ്യമെന്നു കണ്ടാൽ ഒരു മാസത്തെ നോട്ടീസ് നൽകി കരാറിൽ നിന്നും ഇരു കക്ഷികൾക്കും പിൻവാങ്ങാവുന്നതാണ്.

10. ഈ ക്വട്ടേഷൻ സംബന്ധിച്ച ഏത് അപേക്ഷയും സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ ഏത് അപേക്ഷയും നിരസിക്കുന്നതിനും ഉള്ള അധികാരം രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും.

11. സർവകലാശാലയിൽ നിലവിലുള്ള മറ്റ് ലേലനിബന്ധനകൾ ഈ ക്വട്ടേഷനും ബാധകമാണ്.

12. ഏതെങ്കിലും തർക്കങ്ങളോ നിയമവ്യവഹാരങ്ങളോ ഉള്ള പക്ഷം ആയത് പരപ്പനങ്ങാടി കോടതിയുടെ അധികാരപരിധിയിലായിരിക്കും.

...NING & DEVELOPMENT ... CALICUT

0 8 OCT 2026

**ഡെപ്യൂട്ടി രജിസ്ട്രാർ**

**(ആസൂത്രണവികസനവിഭാഗം)**

**രജിസ്ട്രാർക്ക് വേണ്ടി**